പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3557 — 30/01/2014 ൽ മറുപടിയ്ക്ക്

## ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ശശി | ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എം.എൽ.എ മാരുടെ ആമുഖ കത്തോടുകൂടി മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര അപേക്ഷകളിൻമേൽ ധനസഹായം നൽകി തീർപ്പു കല്പിച്ചുവെന്നു വ്യക്തമാക്കുമോ; ഇത്തരത്തിൽ എന്തു തുകയുടെ ധനസഹായം വിതരണം ചെയ്തുവെന്നും വ്യക്തമാക്കാമോ; | (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ എം.എൽ.എ മാരുടെ ആമുഖ കത്തോടുകൂടി ലഭിക്കുന്ന അപേക്ഷകളുടെ കണക്ക് പ്രത്യേകം തരംതിരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ബി) ജനസമ്പർക്ക പരിപാടി വഴി ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങളുടെ വിശദാംശം അറിയിക്കുമോ? | (ബി)(1)മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് അർഹതയായി നിശ്ചയിച്ചിട്ടുള്ള വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയാണ്.<br>(2)ചികിത്സയ്ക്കായി ആവശ്യമെന്ന് ബോധ്യപ്പെട്ടാൽ മറ്റ് അന്വേഷണങ്ങൾ കൂടാതെ 10,000/- വരെ മുഖ്യമന്ത്രിയ്ക്ക് അനുവദിക്കാവുന്നതാണ്.<br>(3)പ്രത്യേക സാഹചര്യങ്ങളിൽ മറ്റ് ആവശ്യങ്ങൾക്കും 10,000/- വരെ മുഖ്യമന്ത്രിയ്ക്ക് അനുവദിക്കാവുന്നതാണ്. |

(4)സാധാരണ സാഹചര്യങ്ങളിൽ 10,000/- ന് മുകളിലുള്ള ധനസഹായം അതാത് ജില്ലാ കളക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രമേ അനുവദിക്കാൻ പാടുള്ളൂ.

(5)മരണം സംഭവിച്ച ദുരന്ത പൂർണ്ണമായ സാഹചര്യങ്ങളിൽ 1 ലക്ഷം വരെ മുഖ്യമന്ത്രിയ്ക്ക് അനുവദിക്കാവുന്നതാണ്.

(6)1 ലക്ഷത്തിന് മുകളിൽ ധനസഹായം അനുവദിക്കുന്നതിന് മന്ത്രിസഭയുടെ അനുമതി തേടേണ്ടതാണ്.

മേൽപറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും മുഖ്യമന്ത്രി നേരിൽക്കണ്ട് ധനസഹായത്തിന് അർഹരാണെന്ന് ബോധ്യപ്പെട്ടവർക്കുമാണ് ജനസമ്പർക്ക പരിപാടിയിൽ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകുന്നത്.

സെക്ഷൻ ഓഫീസർ.